**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2266** **30-09-2025 - ൽ മറുപടിയ്ക്ക്**

**ചികിത്സകൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ - സ്വകാര്യ ആശുപത്രികളിൽ വിവിധ ചികിത്സകൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്തുന്നതിനും അവ ആശുപത്രികളിൽ പ്രദർശിപ്പിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ വിവിധ പരിശോധനകൾക്കും പ്രൊസീജറുകൾക്കുള്ള ഫീസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി(എച്ച് എം സി) കൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ ആശുപത്രികളിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 സെക്ഷൻ 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ ക്ലിനിക്കൽ സ്ഥാപനത്തിനും സ്ഥിര രജിസ്ട്രേഷൻ നല്കുന്നതിന് മുൻപ് അസസ്മെന്റിന് നിയോഗിച്ചിട്ടുള്ള അസസ്സർമാർ നേരിട്ട് സ്ഥാപനത്തിലെത്തി ഫീസ് പ്രദർശിപ്പിക്കുന്നതുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ വ്യത്യസ്തമായ ചികിത്സാ ഫീസ് ഏർപ്പെടുത്തിയിരിക്കുന്നതിനാൽ സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിക്കുന്നത് ടി ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. ബി പി എൽ വിഭാഗം ആളുകൾക്ക് സർക്കാർ ആശുപത്രികളിൽ നിരക്കുകളിൽ കുറവ് നൽകിയും, കാരുണ്യ ആരോഗ്യ |

സുരക്ഷാ പദ്ധതി വഴി എംപാനൽഡ് സ്വകാര്യ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ **(**രജിസ്ട്രേഷനും നിയന്ത്രണവും**)** ആക്ടിലെ സെക്ഷൻ **26(2)** പ്രകാരം ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും**,** ഈ ആക്ടിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ**,** ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്**.** എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന വിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്**,** ബോധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നല്കിയ ശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്ന പക്ഷം**,** പിഴ ശിക്ഷയ്ക്ക് പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചു പൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്**.**

എന്നാൽ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ **(**രജിസ്ട്രേഷനും നിയന്ത്രണവും**)** ആക്ടിലെ 39(1),39(2) ഉൾപ്പെടെയുള്ള വിവിധ സെക്ഷനുകൾ നടപ്പിലാക്കുന്നതിനെതിരെ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ**,** കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസ്സോസിയേഷൻ**,** ഇന്ത്യൻ ദന്തൽ അസ്സോസിയേഷൻ**,** കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എന്നിവർ ബഹു**.** ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ **23.06.2025 -**ൽ ടി റിട്ട് പെറ്റീഷനുകൾ കോടതി dismiss ചെയ്ത് അന്തിമ വിധി വന്നിട്ടുള്ളതാണ്**.** എന്നാൽ ചില അസ്സോസിയേഷനുകൾ അപ്പീലുകൾ സമർപ്പിച്ചു**.** അതിനാൽ**, 03.07.2025, 28.07.2025** തീയതികളിലെ ഇടക്കാല ഉത്തരവുകളിലൂടെ**,** അപ്പീലന്റ് അസ്സോസിയേഷനുകളിലെ അംഗങ്ങൾക്കെതിരെ കൂടുതൽ ഉത്തരവുകൾ ഉണ്ടാകുന്നതുവരെ നിർബന്ധിത നടപടി സ്വീകരിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു**.** ഈ ഇടക്കാല നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ**,** നിരക്കുകൾ/പാക്കേജുകൾ

| | | | |
|---|---|---|---|
| | | | പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അപ്പീലന്റ് അസ്സോസിയേഷനുകൾക്കെതിരെ നടപടി ആരംഭിക്കുന്നതിൽ നിന്ന് സംസ്ഥാനത്തിന് നിലവിൽ വിലക്കുണ്ട്. എന്നിരുന്നാലും, **2018** ലെ നിയമപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ നിയന്ത്രണം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനം പ്രതിജ്ഞാബദ്ധമായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. |
| (ബി) | ആശുപത്രികൾ വ്യത്യസ്തമായ ചികിത്സാ ഫീസ് ഏർപ്പെടുത്തുന്നത് മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ വിവിധ പരിശോധനകൾക്കും പ്രൊസീജറുകൾക്കുള്ള ഫീസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി(എച്ച് എം സി) കൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ ആശുപത്രികളിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 സെക്ഷൻ 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ ക്ലിനിക്കൽ സ്ഥാപനത്തിനും സ്ഥിര രജിസ്ട്രേഷൻ നല്കുന്നതിന് മുൻപ് അസസ്മെന്റിന് നിയോഗിച്ചിട്ടുള്ള അസസ്സർമാർ നേരിട്ട് സ്ഥാപനത്തിലെത്തി ഫീസ് പ്രദർശിപ്പിക്കുന്നതുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ വ്യത്യസ്തമായ ചികിത്സാ ഫീസ് ഏർപ്പെടുത്തിയിരിക്കുന്നതിനാൽ സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിക്കുന്നത് ടി ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. ബി പി എൽ വിഭാഗം ആളുകൾക്ക് സർക്കാർ ആശുപത്രികളിൽ നിരക്കുകളിൽ കുറവ് നൽകിയും, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽഡ് സ്വകാര്യ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്.<br><br>2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ **(**രജിസ്ട്രേഷനും നിയന്ത്രണവും**)** ആക്ടിലെ സെക്ഷൻ **26(2)** പ്രകാരം ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ |

ലംഘിക്കുന്ന ഏതൊരാളും, ഈ ആക്ടിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന വിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്, ബോധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നല്കിയ ശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്ന പക്ഷം, പിഴ ശിക്ഷയ്ക്ക് പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചു പൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ 39(1),39(2) ഉൾപ്പെടെയുള്ള വിവിധ സെക്ഷനുകൾ നടപ്പിലാക്കുന്നതിനെതിരെ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസ്സോസിയേഷൻ, ഇന്ത്യൻ ദന്തൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എന്നിവർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ **23.06.2025** -ൽ ടി റിട്ട് പെറ്റീഷനുകൾ കോടതി dismiss ചെയ്ത് അന്തിമ വിധി വന്നിട്ടുള്ളതാണ്. എന്നാൽ ചില അസ്സോസിയേഷനുകൾ അപ്പീലുകൾ സമർപ്പിച്ചു. അതിനാൽ, **03.07.2025, 28.07.2025** തീയതികളിലെ ഇടക്കാല ഉത്തരവുകളിലൂടെ, അപ്പീലന്റ് അസ്സോസിയേഷനുകളിലെ അംഗങ്ങൾക്കെതിരെ കൂടുതൽ ഉത്തരവുകൾ ഉണ്ടാകുന്നതുവരെ നിർബന്ധിത നടപടി സ്വീകരിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. ഈ ഇടക്കാല നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ, നിരക്കുകൾ/പാക്കേജുകൾ പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അപ്പീലന്റ് അസ്സോസിയേഷനുകൾക്കെതിരെ നടപടി ആരംഭിക്കുന്നതിൽ നിന്ന് സംസ്ഥാനത്തിന് നിലവിൽ വിലക്കുണ്ട്. എന്നിരുന്നാലും, **2018** ലെ നിയമപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ നിയന്ത്രണം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനം

| | | | |
|---|---|---|---|
| | | | പ്രതിജ്ഞാബദ്ധമായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. |
| (സി) | ആരോഗ്യ മേഖലയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ - സ്വകാര്യ മേഖലകളിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ മേഖലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ്, K-CDC തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ സംസ്ഥാനത്ത് പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ